37

14

# കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ക്രമം.

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ഗവണ്മെന്റ് കോളേജുകളിൽ അറബിക് വിഭാഗം ലക്ചറർ ആയി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം: എ4/20415/2014/കോ.വി.വ തീയതി : 18.05.2018

---

പരാമർശം :- 1) കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 03.02.2018 തീയതിയിലെ R1D(3)11573/17/GW - നമ്പർ കത്ത്.

2) 21.03.1994-ലെ ജി.ഒ (പി) നം.41/94/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ്.

3) ജി.ഒ(പി)നമ്പർ 45/91/പി.&എ.ആർ.ഡി തീയതി 30.12.1991.

4) ജി.ഒ(പി)നമ്പർ 41/2010/ഉ.ഭ.പ.വ തീയതി.14.12.2010.

5) ജി.ഒ(പി)നമ്പർ 20/2011/ഉ.ഭ.പ.വ ആർ.ഡി തീയതി.30.06.2011.

6) 16.08.2013-ലെ സ.ഉ(അ)23/2013/ഉ.ഭ.പ.വ.നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

മേൽ പരാമർശം ഒന്ന് കത്ത് പ്രകാരം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ അഡൈ്വസ് ചെയ്ത താഴെപ്പറയുന്ന ഉദ്യോഗാർത്ഥിയെ 15600-39100/-രൂപ (യു.ജി.സി) ശമ്പള സ്കെയിലിൽ അറബിക് വിഭാഗം ലക്ചറർ ആയി അവരുടെ പേരിനെതിരെ ചേർത്ത ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു. ഈ നിയമനം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ റൂൾ (3) (c) യ്ക്ക് വിധേയമായിരിക്കും. നിയമനം ലഭിച്ചയാൾ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി (നിയമന ഉത്തരവിൽ ജാതി പ്രതിപാദിക്കുന്നുണ്ടെങ്കിൽ മാത്രം) എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ, അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് (വിരലടയാളം, ഫോട്ടോ എന്നിവ സാക്ഷ്യപ്പെടുത്തിയത്) എന്നിവ സഹിതം ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ജോലിയിൽ പ്രവേശിക്കേണ്ടതും അപ്രകാരം പ്രവേശിക്കാത്ത പക്ഷം നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതുമാണ്.

| ക്രമ നമ്പർ | പേരും വിലാസവും | വിദ്യാഭ്യാസ യോഗ്യത | ജനന തീയതി | ഏത് ഒഴിവിൽ എവിടെ നിയമിക്കുന്നു |
|---|---|---|---|---|
| 1. | Abdu Rahiman Kutty.M.K<br>Moolamkuzhiyil<br>Mullappally,<br>Malappuram,<br>Pazhamalloor – 676 506<br>(OC Turn) | MA Arabic, NET | 11.07.1982 | കാസർഗോഡ് ഗവണ്മെന്റ് കോളേജിലെ നിലവിലുള്ള ഒഴിവിൽ |

ഈ നിയമനം കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിന്റെ 10 (ബി) പ്രകാരം ചട്ടം 9 ഉപചട്ടം(2) clause(i) അനുസരിച്ച് തീർത്തും താത്ക്കാലികമായിരിക്കും.

753..527

GOVERNMENT OF KERALA 2017-18

കൂടാതെ ഈ നിയമനം ഉദ്യോഗാർത്ഥിയുടെ സ്വഭാവപൂർവ്വ ചരിത്ര പരിശോധന റിപ്പോർട്ടിനും, നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് / PhD സർട്ടിഫിക്കറ്റിന്റെ വാസ്തവികതാ പരിശോധന റിപ്പോർട്ടിനും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിശോധനാ റിപ്പോർട്ടിനും വിധേയമായിരിക്കും. സ്വഭാവ പൂർവ്വ ചരിത്ര പരിശോധന റിപ്പോർട്ടോ വാസ്തവികതാ റിപ്പോർട്ടോ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിശോധന റിപ്പോർട്ടോ പ്രതികൂലമാകുന്ന പക്ഷം നിയമനം റദ്ദാക്കുന്നതുമായിരിക്കും.

നിലവിൽ ജനനതീയതിയിൽ ഏതെങ്കിലും തരത്തിലുള്ള അപാകത നിലനിൽക്കുന്ന ഉദ്യോഗാർത്ഥി സർവ്വീസിൽ പ്രവേശിച്ച് 5 വർഷത്തിനകം ആയത് തിരുത്തിക്കിട്ടുന്നതിനുള്ള അപേക്ഷ ഉചിത മാർഗ്ഗേന സൂചന (3)-ലെ ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് 07.01.2013-ലെ **സർക്കാർ ഉത്തരവ് ജി.ഒ(പി)നമ്പർ 20/2013/ഫിൻ പ്രകാരം നാഷണൽ പെൻഷൻ സ്കീം ബാധകമായിരിക്കും.**

**ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്ന പ്രിൻസിപ്പൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.**

i) ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പായി വിദ്യാഭ്യാസ യോഗ്യത, ജനനതീയതി മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ എന്നിവ പരിശോധിക്കേണ്ടതാണ്.

ii) ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിപ്പിച്ച തീയതി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

iii) ഇതോടൊപ്പം അടക്കം ചെയ്തിട്ടുള്ള അസ്സൽ വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥിയുടെ ഒപ്പും ഫോട്ടോയും ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതായി രേഖപ്പെടുത്തുകയും ഈ സർട്ടിഫിക്കറ്റിന്റെ മറുപുറത്ത് മതിയായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തിയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തിയും ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതാണ്.

iv) അസൽ വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പിൽ മേലൊപ്പ് വച്ച ശേഷം ചാർജ്ജ് കൈമാറ്റം ചെയ്ത സർട്ടിഫിക്കറ്റിനോടൊപ്പം കോട്ടയത്തെ കേരളാ അക്കൌണ്ടന്റ് ജനറൽ (അക്കൌണ്ട്സ് ആന്റ് എന്റൈറ്റിൽമെന്റ്സ്)-ന്റെ ബ്രാഞ്ച് ഓഫീസിലേയ്ക്ക് സർവ്വീസ് രേഖകളിൽ പതിക്കുന്നതിനായി അയച്ചു കൊടുക്കേണ്ടതാണ്.

v) പോലീസ് വെരിഫിക്കേഷനും പി.എസ്.സി വെരിഫിക്കേഷനും അയച്ചു കൊടുക്കേണ്ടതുമായ പ്രൊഫോർമകൾ, നെറ്റ് / പി.എച്ച്.ഡി സർട്ടിഫിക്കറ്റിന്റെ

7539526